III.ഇ.ബി../XII-കേരള നിയമസഭ/II–1.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 സെപ്റ്റംബർ 18 തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2006 സെപ്റ്റംബർ 18–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*1, *2, & *25) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. അടിയന്തിരപ്രമേയം

കാർഷികരംഗത്തെ പ്രതിസന്ധി പരിഹരിക്കാത്തതുമൂലം കേരളത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന കർഷകരുടെ ആത്മഹത്യ സംസ്ഥാനത്തുളവാക്കിയിട്ടുള്ള ഭീതിപൂർവ്വവും ഭയാനകവുമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ.എം.മാണിയും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ

ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും സഭയിൽനിന്നും ഇറങ്ങിപ്പോവുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി സഭാ നടപടികളിൽ പങ്കെടുക്കുകയുമുണ്ടായി.

III. അറിയിപ്പ്

സർവ്വശ്രീ എം.പ്രകാശൻ മാസ്റ്റർ, എൻ.അനിരുദ്ധൻ, വി.ഡി. സതീശൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകളുടെ നിഷേധാത്മകമായ നിലാപാട്മൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന കഷ്ടപ്പാടുകളിലേയ്ക്ക് ശ്രീ.കെ.സി. ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി മറുപടി നൽകുകയും ചെയ്തു

(2) വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ വിവിധതലങ്ങളിലെ കേന്ദ്രാനുമതി അടിയന്തിരമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.വി.ജെ. തങ്കപ്പൻ, നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

V. സബ്മിഷൻ

(1) സെഞ്ചൂറിയൻ ബാങ്ക് ഓഫ് പഞ്ചാബും ലോർഡ് കൃഷ്ണാ ബാങ്കും തമ്മിലുള്ള ലയന നീക്കം തടയേണ്ടത് സംബന്ധിച്ച് ശ്രീ.പി.സി. ജോർജ്ജ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) വടക്കാഞ്ചേരിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ.എ.സി.മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) ഫാക്ടറികൾ പുറന്തള്ളപ്പെടുന്ന രാസമാലിന്യംമൂലം പെരിയാർ മലിനീകരിക്കപ്പെടുന്നത് സംബന്ധിച്ച് ശ്രീ.വി.ഡി.സതീശൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

((4) മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്വിപ്മെന്റ് ഓർഗനൈസേഷന്റെ വർക്ക്ഷോപ്പ് പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ബാബു പോൾ ഉന്നയിച്ച സബ്മിഷന് തദ്ദേശഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പാൻമസാലകളും അതിന് സമാനമായിട്ടുള്ള ലഹരിപദാർത്ഥങ്ങളും നിരോധിക്കേണ്ടത് സംബന്ധിച്ച് ശ്രീ.തോമസ് ഉണ്ണിയാടൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) അമ്പതിലധികം കുട്ടികൾ പഠിക്കുന്നതും എസ്.എസ്.എ.യുടെ കീഴിൽ വരുന്നതുമായ ഏകാദ്ധ്യാപക സ്ക്കൂളുകളെ ഗവൺമെന്റ് ലോവർ പ്രൈമറി സ്ക്കൂളുകളാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എം.ഉമ്മർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കാസർകോട് താലൂക്കിലെ നരസണ്ണ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.സി.എച്ച്.കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) ആലപ്പുഴ ജില്ലയിൽ വ്യാപകമാവുന്ന ചിക്കൻഗുനിയ രോഗം സംബന്ധിച്ച് ശ്രീ.കെ.സി.വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ.കെ.ടി.ജലീൽ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI. മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## VII. റിപ്പോർട്ട് സമർപ്പണം

2006–2007 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥന പരിശോധന സംബന്ധിച്ചുള്ള ഒന്ന് മുതൽ 10 വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ഒന്നാമത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VIII. നിയമനിർമ്മാണ കാര്യം

**2006–ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ**

2006–ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബില്ലും ബിൽ VII-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും തൊഴിലും എക്സൈസും വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹ ചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ബില്ലിന്റെ അവതരണത്തെ എതിർത്തുകൊണ്ട് ശ്രീ.കെ.എം.മാണി സംസാരിക്കുകയും മന്ത്രി മറുപടി പറയുകയും ചെയ്തു. മന്ത്രിയുടെ വിശദീ കരണത്തിന്റെ വെളിച്ചത്തിൽ സ്പീക്കർ ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ.എം.എ.വാഹീദ് നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയും ശ്രീ.ജി.കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ശ്രീ.എം.മുരളി 2006–ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാ ബ്ളിഷ്മെന്റ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31–12–2006 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ശ്രീ.എസ്.രാജേന്ദ്രൻ 2006–ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാ ബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു. ശ്രീ.പി.ജയരാജനും ചർച്ചയിൽ പങ്കെടുത്തു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി ചർച്ചകൾക്ക് മറുപടി പറഞ്ഞു.

നിരാകരണപ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII –ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2006 സെപ്റ്റംബർ 19–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.46–ന് പിരിഞ്ഞു.)